# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കവിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PTA P7-351/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PTA P7-351/22 തീയ്യതി: 07/05/2022

## പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 22-07-2020 മുതൽ 30-12-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 16-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജീവ് വി. കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഹരികുമാർ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ എം. കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എലിസബത്ത് മാത്യു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. ദിനേശ്കുമാർ എം.ഡി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ചന്ദ്രൻ ആർ. | സെക്രട്ടറി | 01-04-2020 | 02-03-2021 |
| ശ്രീ. റ്റെറ്റസ് പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |
| ശ്രീ. റ്റെറ്റസ് പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ഇന്ദു ഫിലിപ്പ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2020 | 22-01-2021 |
| ഡോ. ലക്ഷ്മി ആർ. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 22-01-2021 | 31-03-2021 |
| ഡോ. റൂബിൻ മേരി റ്റി. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി ജാസ്മി വൈ | കൃഷി ഓഫീസർ | 01-04-2020 | 11-05-2020 |
| ശ്രീമതി പ്രീജ പ്രേം | കൃഷി ഓഫീസർ | 01-04-2020 | 02-06-2020 |
| ശ്രീ. സജു പി. കുര്യാക്കോസ് | കൃഷി ഓഫീസർ | 06-06-2020 | 27-06-2020 |
| ശ്രീമതി പ്രീജ പ്രേം | കൃഷി ഓഫീസർ | 27-06-2020 | 15-09-2020 |
| ശ്രീ. സജീവ് റ്റി. | കൃഷി ഓഫീസർ | 16-09-2020 | 31-03-2021 |
| ഡോ. ആശാ അലക്സ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. അജിമോൻ പി.ഡി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 01-04-2020 | 31-03-2021 |
| ശ്രീമതി ലക്ഷ്മി വി.എൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 01-04-2020 | 31-03-2021 |
| ശ്രീമതി ലതികാ കുമാരി | പ്രധാന അദ്ധ്യാപിക | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി താരാ ഒ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ശിഹാബുദ്ദീൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 23-06-2020 |
| ശ്രീമതി സൗമ്യ കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 24-06-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Asha M Kuruvilla (Auditor, On 24-03-2022)<br>Last Updated By: Johncy John (Computer Assistant, On 23-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 23-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 23-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 23-04-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Asha M Kuruvilla (Auditor, On 24-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Asha M Kuruvilla (Auditor, On 19-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Asha M Kuruvilla (Auditor, On 24-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Ranjeev V.K (Audit Officer (HG), On 30-03-2022)<br>Last Updated By: Johncy John (Computer Assistant, On 07-05-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 24-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-10 |
| 12 | കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ലേലതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 28-03-2022)<br>Last Updated By: Johncy John (Computer Assistant, On 07-05-2022) | 1-11 |
| 13 | തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ<br>Written By: Asha M Kuruvilla (Auditor, On 29-03-2022)<br>Last Updated By: Johncy John (Computer Assistant, On 07-05-2022) | 1-12 |
| 14 | വാടക വരവ് - അപാകതകൾ<br>Written By: Asha M Kuruvilla (Auditor, On 30-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-13 |
| 15 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുന്നില്ല<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-14 |
| 16 | അനുപൂരക പോഷകാഹാരം - കേന്ദ്ര വിഹിതം 9,50,323 രൂപ അവശേഷിക്കുന്നു | 1-15 |

| | | |
|---|---|---|
| | Written By: Asha M Kuruvilla (Auditor, On 28-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | |
| 17 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം വൈകുന്നു<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-16 |
| 18 | ജലജീവൻ മിഷൻ പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-17 |
| 19 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് - പദ്ധതി വൈകുന്നതുമൂലം ചെലവ് വർദ്ധിക്കുന്നു<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-18 |
| 20 | അഗതി രഹിത കേരളം പദ്ധതി -അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-19 |
| 21 | പാലിനു സബ്സിഡി - സബ്സിഡി നിരക്കിൽ അധികമായി തുക നൽകി<br>Written By: Asha M Kuruvilla (Auditor, On 28-03-2022)<br>Last Updated By: Johncy John (Computer Assistant, On 25-04-2022) | 1-20 |
| 22 | വയോജനങ്ങൾക്ക് കട്ടിൽ - കട്ടിൽ തെരഞ്ഞെടുപ്പ് ക്രമപ്രകാരമല്ല<br>Written By: Asha M Kuruvilla (Auditor, On 28-03-2022)<br>Last Updated By: Johncy John (Computer Assistant, On 07-05-2022) | 1-21 |
| 23 | കാലാവധി ലംഘിച്ച കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 30-03-2022)<br>Last Updated By: Johncy John (Computer Assistant, On 07-05-2022) | 1-22 |
| 24 | കരാർ വെക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 30-03-2022)<br>Last Updated By: Johncy John (Computer Assistant, On 07-05-2022) | 1-23 |
| 25 | എംജിഎൻആർഇജിഎസ്: കോൺക്രീറ്റ് വേലകളിൽ അപാകങ്ങൾ<br>Written By: Ranjeev V.K (Audit Officer (HG), On 30-03-2022)<br>Last Updated By: Johncy John (Computer Assistant, On 07-05-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 07-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Harikumar (Asst. Audit Officer, On 25-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-04-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

4314006 രൂപ മുന്നിരിപ്പും 119240000 രൂപ വരവും 120241000 രൂപ ചെലവും 3313006 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 27.03.2020-ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.02.2021-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി-3 : Capital Contribution-മുൻവർഷത്തെ തുകതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2. മെയിന്റനൻസ് ഗ്രാന്റ്- റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 35,319 രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

3. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 9,45,000

Depoist With KSEB - Rs. 12,83700

4. ഷെഡ്യൂൾ ബി-11(a): Capital Work In Progress: വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയും റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കുമായി ചെലവഴിച്ച 9,05,707 രൂപ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. തൻവർഷം Part Bill നൽകിയ പ്രവർത്തികൾ ഇല്ല.

5. ഷെഡ്യൂൾ ബി-17: 1) എൽ.ജി.റ്റി.എസ്.ബി അക്കൗണ്ട് - വിവിധ ഇനത്തിലുള്ള വരവുകളായ 3,18,769 രൂപ അക്കൗണ്ടിൽ വരവ് വെക്കാതെ തെറ്റായി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നു.

2) സി.ബി.ഐ.-പൈക്ക- ബാങ്ക് ബാലൻസുമായി റിക്കൺസിൽ ചെയ്ത് പൊരുത്തപ്പെടുത്തിയിട്ടില്ല.

6. ഷെഡ്യൂൾ ബി-4: 1) കോവിഡ് -19 മായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ ഹോണറേറിയം ഇനത്തിൽ പിടിച്ച 1,46,100 രൂപയിൽ 35,000 രൂപ മാത്രമാണ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി തുക റെവന്യൂ ഹെഡിൽ തെറ്റായി വരവിൽ ഉൾപ്പെടുത്തി.

2) ICDS ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

3) PYCKA ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല.

4) Grants And Contributions For Specific Purposes-Other Financial Institutions- ലൈഫ് ഭവനപദ്ധതിക്കായി ബ്ലോക്കിൽ നിന്നും ലഭിച്ച തുക തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

5) Beneficiary Contributions- നീക്കിയിരുപ്പ് തുകയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

7. ഷെഡ്യൂൾ ബി-18: 1) Temp Advance To Official Purpose:- 1-4-2014 മുതൽ വിവിധ ഇനങ്ങളിൽ നൽകിയിട്ടുള്ള തുകകൾ ക്രമീകരിക്കാതെ നീക്കിയിരിപ്പിൽ അവശേഷിക്കുന്നു.

2) Advance To Implementing Officers: നിർവഹണ ഉദ്യോഗസ്ഥർക്ക് വർഷങ്ങളായി നൽകിയ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

3) Advance To Others- MGNREGS അഡ്വാൻസ് -വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും യഥാർത്ഥ നീക്കിയിരിപ്പ് തുകയും തമ്മിൽ 2,51,344 രൂപയുടെ വ്യത്യാസമുണ്ട്.

8. ഷെഡ്യൂൾ ബി-7: വിവിധ ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

9. ഷെഡ്യൂൾ ബി-9: 1) Recoveries Payable GPAIS- തെറ്റായ തുക രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഹെഡിൽ ബാധ്യതയായി തുക അവശേഷിക്കുന്നില്ല.

2) Recoveries Payable IT Deducted At Source-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത് 8,980 രൂപയാണ്. യഥാർത്ഥ ബാധ്യത പിന്നീട് ഒടുക്കിയത് 10,980 രൂപയാണ്.

3) CGST,SGST Flood Cess Payable- ഇവയുടെ ബാധ്യത തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

10. ഷെഡ്യൂൾ B4:ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരുപ്പ് B17 ഷെഡ്യൂളിലെ ബന്ധപ്പെട്ട അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

11. ഷെഡ്യൂൾ I-6 & I-14(a): MG-NREGA- ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12. ഷെഡ്യൂൾ B4: Centrally Sponsored Scheme-ICDS- നീക്കിയിരുപ്പ് തുക യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. തൻവർഷം ചെലവഴിച്ച 2,88,439 രൂപയിൽ 1,29,724 രൂപ മാത്രമാണ് ബന്ധപ്പെട്ട വരവ് ഹെഡിലേക്ക് (160100619) മാറ്റിയിട്ടുള്ളത്.

13. ഷെഡ്യൂൾ B4: Best Panchayat Award: 15,00,000 രൂപ തെറ്റായി 'ലയബിലിറ്റി' ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നു.

14. ഷെഡ്യൂൾ B9: Other Liabilities-നീക്കിയിരുപ്പ് തുക കൃത്യമല്ല. വിവിധ ഹെഡ്ഡുകളിലെ തുകകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4776293 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,73,85,266 |
| ആകെ വരവ് | 7,21,61,559 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,17,05,913 |
| നീക്കിയിരിപ്പ് | 1,04,55,646 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് / ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 10506500 | 10506500 | 10453627 | -- | 52873 | |
| വികസന ഫണ്ട്-എസ്.സി.പി | ,, | 8274100 | 8274100 | 7508045 | -- | 766055 | |
| വികസന ഫണ്ട്-ടി.എസ്.പി | ,, | X | X | X | X | X | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 3740000 | 3740000 | 0 | -- | 3740000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 7385978 | 7385978 | 6471106 | -- | 914872 | |
| മെയിന്റനൻസ്, റോഡ് | ,, | 8249000 | 8249000 | 8106261 | -- | 142739 | |
| മെയിന്റനൻസ്, നോൺ-റോഡ് | ,, | 3492000 | 3492000 | 3378019 | -- | 113981 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| ശുചിത്വ മിഷൻ | 2569910 | 1708597 | 4278507 | 1693274 | -- | 2585233 | |
| പൈക്ക | 1914 | 75 | 1989 | -- | -- | 1989 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |
| ഐ.സി.ഡി.എസ്. | 802187 | 456375 | 1258562 | 288439 | -- | 970123 | |
| എം.ജി.എൻ. ആർ.ജി.എസ് | 302 | 851902 | 852204 | 845067 | -- | 7137 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 17359090 | 17359392 | 17352255 | | | |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ലഭ്യമാക്കിയ കണക്കുകൾ, വാർഷിക ധനകാര്യപത്രികയുമായും, യഥാർത്ഥ കണക്കുകളുമായും വ്യതിയാനം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് (സ്റ്റേറ്റ്മെന്റ് പ്രകാരം) | ചെലവ് (എ.എഫ്.എസ്. പ്രകാരം) | ചെലവ് (യഥാർഥ കണക്ക്) | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 10419738 | 10419738 | 10453627 | 33889 | കോവിഡ് ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല |
| മെയിന്റനൻസ് , നോൺ-റോഡ് | 3342700 | 3342700 | 3378019 | 35319 | വോട്ടിംഗ് മെഷീൻ വാങ്ങൽ (സോഴ്സ് ഡിഡക്ഷൻ) അക്കൗണ്ട് ചെയ്തിട്ടില്ല. |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 288489 | 129724 | 288439 | 158715 | കുറവായി അക്കൗണ്ട് ചെയ്തിരിക്കുന്നു |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 208 | 91746144 | 159 | 43690070 | 49 | 47.62 |

### നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 32 | 18 | 7139531 | 3960073 | 55.47 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 3 | 2524000 | 1455000 | 57.64 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 88 | 38488823 | 25082216 | 65.16 |
| കൃഷി ഓഫീസർ | 6 | 6 | 2690792 | 1933697 | 71.86 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 6 | 5 | 14183893 | 2357180 | 16.61 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 6 | 5 | 14355000 | 2414330 | 16.84 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 8 | 4137964 | 2680339 | 64.77 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 10 | 10 | 1662368 | 1284668 | 77.27 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 580000 | 580000 | 100 |
| വെറ്ററിനറി സർജൻ | 11 | 8 | 2697000 | 906500 | 33.61 |
| പ്രധാനാദ്ധ്യാപിക | 4 | 2 | 490470 | 428720 | 87.41 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 2013303 | 607347 | 30.16 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | - | 783000 | - | - |
| ആകെ | 208 | 159 | 91746144 | 43690070 | 47.62% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 302 | 851902 | 852204 | 845067 | 7137 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 16507188 | 16507188 | 16507188 | 0 |
| ആകെ | 302 | 17359090 | 17359392 | 17352255 | 7137 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3229800 | 199 |
| വിധവാ പെൻഷൻ | 8182800 | 534 |
| വാർദ്ധക്യകാല പെൻഷൻ | 16782200 | 1238 |
| മാനസിക ശാരിരിക വെല്ലുവിളി നേരിടുന്നവരിക്കുള്ള പെൻഷൻ | 2808000 | 187 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള | 329600 | 19 |
| തൊഴിൽ രഹിത വേതനം | 1440 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2022-ന് 4.30 Pm -ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 98,567 (തൊണ്ണൂറ്റി എണ്ണായിരത്തി അഞ്ഞൂറ്റി അറുപത്തി ഏഴ് ) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുത്താതെ വിനിയോഗിക്കാൻ കഴിഞ്ഞു എന്നത് അതിന് ഒരു തെളിവാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ ശരിയായ ശീർഷകങ്ങളിൽ വിന്യസിക്കുന്നതിൽ വീഴ്ച കാണുന്നു. കണക്ക് സൂക്ഷിക്കുന്നതിൽ

പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്. ആവർത്തന സ്വഭാവമുള്ള തനത് ചെലവുകളായ തെരുവുവിളക്ക് വൈദ്യുതി ചാർജ്, കുടിവെള്ള ചാർജ് എന്നിവയുടെ ചെലവ് കുറയ്ക്കാൻ കഴിഞ്ഞില്ലെന്നത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ വീഴ്ചയാണ്. തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കുവാൻ 10ലക്ഷം രൂപ 9 വർഷങ്ങൾക്ക് മുമ്പ് വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചെങ്കിലും നടപ്പായില്ല. പ്രോജക്ട് അടിയന്തരമായി നടപ്പാക്കി തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജായി വലിയതുക പ്രതിവർഷം ചോരുന്നത് തടയേണ്ടതാണ്. ഇതോടൊപ്പം സംയുക്തപരിശോധനയിലൂടെ വെള്ളം ലഭിക്കുന്ന കുടിവെള്ള ടാപ്പുകളുടെ എണ്ണം പുനർനിർണയിക്കുന്നതിനും നടപടിയുണ്ടാകണം.

നികുതിപിരിവ് കാര്യക്ഷമമെങ്കിലും കുടിശിക ഒഴിഞ്ഞിട്ടില്ല. കടമുറിവാടക ഒരു വർഷം കുടിശികയാണ്. കുട്ടികളുടെ പാർക്ക് പോലെയുള്ള സംരംഭത്തിൽ നിന്ന് തനത് വരവ് വർധിപ്പിക്കാൻ ലഭ്യമായ സാധ്യതകൾ ഉപയോഗിക്കാൻ ഓഡിറ്റ് വർഷം കഴിഞ്ഞിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. പഞ്ചായത്തിന്റെ ആസ്തികൾ ആസ്തിരജിസ്റ്ററിൽ ചേർത്ത് ഉടമസ്ഥതാരേഖകൾ സ്വന്തമാക്കേണ്ടതിന് അടിയന്തരപരിഗണന നല്കേണ്ടതാണ്. ആസ്തി സംരക്ഷണത്തിനും ആസ്തികൾ ജനസേവനപ്രദാനമാക്കുവാനും വരുമാനലഭ്യത ഉറപ്പാക്കാനും ജാഗ്രതയോടെ പ്രവർത്തിക്കുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ രൂപപ്പെടുത്തേണ്ടതാണ്.

ദേശീയ തൊഴിലുറപ്പ് പദ്ധതിനിർഹണത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിയന്ത്രണം കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2018 - 28.02.2018 | 2012 – 13 മുതൽ 2016 – 17 വരെ | 11.04.2018 |
| പെർഫോമൻസ് ഓഡിറ്റ് | 09.03.2022 | 04-2021 മുതൽ 12-2021 വരെ | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

## 1-11 കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ലേലതുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷത്തിലധികമായി തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ഇവ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ് ആയതുപ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക 140610 രൂപ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് 2019-20 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-15-ൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ ഈ തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

2022 മാർച്ച് 31 കണക്കാക്കി കാലഹരണപ്പെട്ട എല്ലാ ഡെപ്പോസിറ്റ് തുകകളും തനത്ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, അർദ്ധവാർഷിക റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കെട്ടിടത്തിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആ കെട്ടിടം കൈവശം വച്ചിരിക്കുന്ന എല്ലാവരുടേയും പേരും, തൊഴിലിനേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ സെക്രട്ടറിക്ക് നോട്ടീസുമൂലം ആവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമായി. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ്

നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട വൻതുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ, അക്ഷയകേന്ദ്രങ്ങൾ മുതലായ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ, അക്ഷയകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. 3 ക്ഷീരസംഘങ്ങൾ ഉള്ളതിൽ മുണ്ടിയപ്പള്ളി ക്ഷീരസംഘം മാത്രമാണ് രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി അടവാക്കിയത്. കോട്ടൂർ, പടിഞ്ഞാറ്റുംശേരി എന്നീ ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 8 റേഷൻ കടകൾ, 2 അക്ഷയകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(സി) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ കരാർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാർ |
|---|---|
| 1. | ജോൺ തോമസ് |
| 2. | പ്രസാദ് എ. |
| 3. | കെ.എം. ജോർജ്ജ് |
| 4. | കബീർ പി.എം. |
| 5. | ജിനോ പി. കുര്യൻ |
| 6. | വർഗ്ഗീസ് ജോർജ്ജ് |
| 7. | ജോൺ സി. തോമസ് |
| 8. | പ്രശാന്ത് പ്രസാദ് |
| 9. | ജയൻ റ്റി.ജെ. |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചതിന്റെ രേഖകളും ഇല്ല. കരാറുകാരിൽ നിന്ന് നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാടക വരവ് - അപാകതകൾ

പഞ്ചായത്ത് വക 30 കടമുറികളുള്ളതിൽ 29 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഈ കാലയളവിലെ വാടക വരവുമായി ബന്ധപ്പെട്ട് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത എന്നിവ ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

കടമുറികൾ ഉപയോഗിക്കുന്നതിനുള്ള അവകാശത്തിനായി അവസാന ലേലം നടന്നത് എന്നതാണെന്നുള്ളതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഉപയോഗിക്കുന്നവരുടെ വാടക ഡെപ്പോസിറ്റ് തുകയെക്കുറിച്ചും കൃത്യമായ ഒരു കണക്ക് പഞ്ചായത്തിലില്ല. അടിസ്ഥാന വാടകയിൽ 5% വർദ്ധനവ് വരുത്തുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ്

തുകയിൽ വർദ്ധനവ് വരുത്തുന്നില്ല.

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏപ്രിൽ- ജൂൺ വരെയുള്ള കാലയളവിലെ കടമുറികളുടെ വാടക കമ്മിറ്റി തീരുമാന പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. ശേഷിച്ച കാലയളവിലെ വാടക കുടിശ്ശിക വരുത്തിയവരുടെ വിവരങ്ങൾ ചുവട ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം | അടിസ്ഥാന വാടക | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|---|---|---|
| 1. | സുഭാഷ് കുമാർ പി.റ്റി. | X/170 | 695 | 7/20 - 3/21 |
| 2. | വി.കെ.രാജൻ | X/174 | 1231 | 7/20 - 3/21 |
| 3. | വിജയമ്മ സുധീരൻ | VII/175 | 1775 | 7/20 - 3/21 |

മേൽ പറഞ്ഞവരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിൽ പോസ്റ്റ് ഓഫീസ് വാടക രഹിതമായി വർഷങ്ങളായി പ്രവർത്തിച്ചു വരുകയാണ്. ഏത് വർഷത്തെ ഏത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വാടക ഒഴിവാക്കി നൽകിയിരിക്കുന്നതെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 5/ 19.03.2022) നൽകിയ മറുപടിയിൽ എന്ത് അടിസ്ഥാനത്തിലാണ് ഇപ്രകാരം വാടക ഒഴിവാക്കി നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ലായെന്നും മുൻ വർഷങ്ങളിലെ കമ്മിറ്റി തീരുമാനം പരിശോധിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. നിലവിൽ മാവേലി സ്റ്റോറുകൾക്ക് മാത്രമാണ് വാടകരഹിതമായി കെട്ടിടം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. പോസ്റ്റ് ഓഫീസിന് വാടകരഹിതമായി കെട്ടിടം നൽകിയ തീരുമാനം പുനപരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ :

പഞ്ചായത്ത് വക കടമുറികളുടെ വാടകപിരിവിന് ഒരു ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തുവക കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

വാടക രജിസ്റ്ററിൽ വാടക അടവാക്കുന്നമുറയ്ക്ക് കൃത്യമായി രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.റ്റി., കാലതാമസത്തിന്റെ പിഴ പലിശ എന്നിവയും രേഖപ്പെടുത്തണം. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ മേൽനോട്ട ച്ചുമതലയുള്ള ഉദ്യോഗസ്ഥൻ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-14 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി നിർവഹണ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അനുവദിക്കുന്ന അഡ്വാൻസുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11/ഫിൻ/തീയതി: 4-10-2011ൽ വ്യവസ്ഥ ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ, വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് തുകയിൽ 5,42,625 രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. നൽകുന്ന അഡ്വാൻസുകൾ കൃത്യസമയത്ത് ചെലവുരേഖകൾ ഹാജരാക്കി ക്രമീകരിക്കുന്നതിനും ചെലവുകൾ അതത് സാമ്പത്തിക വർഷം തന്നെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-15 അനുപൂരക പോഷകാഹാരം - കേന്ദ്ര വിഹിതം 9,50,323 രൂപ അവശേഷിക്കുന്നു

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 2015-16 വർഷം 49704 രൂപ ട്രഷറി അക്കൗണ്ടിൽ അവശേഷിച്ചിരുന്നു. 2016-17 മുതൽ 2020-21 വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 2016-17 | 49704 | 542224 | 591928 | 320967 | 270961 |
| 2017-18 | 270961 | 290275 | 561236 | 138342 | 422894 |
| 2018-19 | 422894 | 610450 | 1033344 | 384015 | 649329 |
| 2019-20 | 649329 | 452088 | 1101417 | 299230 | 802187 |

| | | | | | |
|---|---|---|---|---|---|
| 2020-21 | 802187 | 436575 | 1238762 | 288439 | 950323 |

ഓഡിറ്റ് കാലയളവിൽ ഈ ഇനത്തിൽ ആകെ 9,50,323 രൂപ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ ഭൗതിക സാഹചര്യത്തെപ്പറ്റി ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 21/26.02.20222) ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരം 18 അങ്കണവാടികളുള്ളതിൽ 12 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽതന്നെ 4 എണ്ണത്തിനു മാത്രമാണ് ചുറ്റുമതിലുള്ളത്. 7 അങ്കണവാടികൾ കുടിവെള്ള ക്ഷാമമനുഭവിക്കുന്നുണ്ട്. കോവിഡ് മൂലം രണ്ടു വർഷക്കാലം അങ്കണവാടികൾ അടഞ്ഞുകിടന്നതിനാൽ ഫർണിച്ചറുകളെല്ലാം നശിച്ചുപോയെന്നും തുടർന്നുള്ള പ്രവർത്തനത്തിന് ഫർണീച്ചറുകൾ അടിയന്തിരമായി വാങ്ങേണ്ടിവരുമെന്നുമാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവ് നം. 39033/ഡിസി2/10/ത.സ്വ.ഭ.വ തീയതി 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. കേന്ദ്രവിഹിതത്തിൽ ചെലവാകാതെ അവശേഷിക്കുന്ന 9,50,323 രൂപ ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം വൈകുന്നു

2020-21 സാമ്പത്തിക വർഷം ലൈഫ് പദ്ധതി പ്രകാരം (പ്രോജക്റ്റ് നം. എസ്.0025/21- എസ്.സി.പി.) ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ട് അഡ്വാൻസ് തുക കൈപ്പറ്റിയശേഷം നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത നിരവധി ഗുണഭോക്താക്കൾ ഉള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | വാർഡ് നം. | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|---|
| 1 | പ്രസന്ന സുനിൽകുമാർ<br>വടക്കേതലയ്ക്കൽ, കോട്ടൂർ, കവിയൂർ | 4 | 40000<br>100000 | 22/02/2021<br>22/06/2021 |
| 2 | ലീലാമ്മ , മധുരംപാറ, കോട്ടൂർ പി.ഒ. | 14 | 40000<br>100000 | 22/02/2021<br>22/06/2021 |
| 3 | ബിനു, തുരുത്തുമലതകിടിയിൽ, മുണ്ടിയപ്പള്ളി പി.ഒ. | 3 | 40000<br>100000 | 22/02/2021<br>22/06/2021 |
| 4 | രെഞ്ചു റ്റി. ബിനു, മധുരംപാറ, കോട്ടൂർ പി.ഒ. | 14 | 40000<br>100000 | 22/02/2021<br>22/06/2021 |
| 5 | ബിന്ദു കുഞ്ഞുമോൻ, പുണിലത്തിൽ മേലേതിൽ, കോട്ടൂർ പി.ഒ. | 3 | 40000<br>100000<br>100000 | 22/02/2021<br>22/06/2021<br>21/03/2022 |
| 6 | പൊന്നമ്മ സത്യശീലൻ, എരുത്തിപ്പാട്ട് കറ്റോട് | 11 | 40000<br>100000 | 22/02/2021<br>22/06/2021 |
| 7 | അമ്മുക്കുട്ടി ഇ.റ്റി., ഇടശ്ശേരിമേപ്രത്ത്, കവിയൂർ പി.ഒ. | 9 | 40000<br>100000 | 22/02/2021<br>22/06/2021 |
| 8 | ശ്രുതി, ആനപ്പാറയ്ക്കൽ, കവിയൂർ പി.ഒ. | 4 | 40000<br>100000 | 22/02/2021<br>22/06/2021 |
| 9 | ലിസ്സി രാജൻ, തുമ്പുങ്കൽ കോളനി, കവിയൂർ | 6 | 40000<br>100000 | 22/02/2021<br>22/06/2021 |
| 10 | തങ്കമ്മ ഭാസ്കരൻ, മംഗലത്തു | 3 | 40000 | 22/02/2021 |

| | | | | |
|---|---|---|---|---|
| | പടിഞ്ഞാറേതിൽ, മുണ്ടിയപ്പള്ളി | | 100000<br>160000<br>80000 | 22/06/2021<br>17/11/2021<br>21/03/2022 |
| 11 | അംബികാ ശശിധരൻ, ഒട്ടലത്രമണ്ണിൽ, തോട്ടഭാഗം പി.ഒ. | 6 | 40000<br>100000 | 22/02/2021<br>22/06/2021 |
| 12 | ജയകുമാരി, കാഞ്ഞിരകുന്നിൽ, കവിയൂർ | 6 | 40000<br>100000 | 22/02/2021<br>22/06/2021 |
| 13 | ദാമോദരൻ കെ.സി., കാഞ്ഞിരകുന്നിൽ കവിയൂർ | 6 | 40000 | 22/02/2021 |
| 14 | ജ്യോസ്ന, മുരിങ്ങൂർ കുന്നിൽ, തോട്ടഭാഗം പി.ഒ., കവിയൂർ | 11 | 40000<br>100000<br>100000 | 22/02/2021<br>22/06/2021<br>17/11/2021 |
| 15 | അജികുമാർ ഇ.ജി., ഇടനാട്ടുകടവിൽ, കവിയൂർ | 8 | 40000<br>100000<br>100000 | 22/02/2021<br>22/06/2021<br>21/03/2022 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07-21-03-2022), ഗുണഭോക്താക്കൾ എല്ലാം തന്നെ ഭിത്തിമട്ടം പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും തുടർന്ന് ധനസഹായം നൽകണമെങ്കിൽ 33,00,000 രൂപ വായ്പ ആവശ്യമാണെന്നും വി.ഇ.ഒ. അറിയിക്കുകയുണ്ടായി. ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ ധന സ്രോതസ്സ് കണ്ടെത്തി ലൈഫ് ഭവന പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-17 ജലജീവൻ മിഷൻ പദ്ധതി

രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2023-24 ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പിനായി 25.94 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | ചെലവ് തുക | ബിൽ നം./തീയതി |
|---|---|---|
| എസ്.0024/21 | 3,00,000<br>7,00,000 | 20050752008801080530/12-02-2021<br>ചെക്ക് നം.2122/18-03-2021 |
| എസ്.0013/22 | 5,94,000<br>10,00,000 | UTR No.204217228409/19-07-2021<br>UTR No.2042172862120/20-07-2021 |
| ആകെ | 25,94,000 | |

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 1270 കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള ഗ്രാമപഞ്ചായത്ത് വിഹിതമാണ് ഒടുക്കിയിട്ടുള്ളത്. 1,72,86,830 രൂപയുടെ പദ്ധതി അടങ്കലാണ് നിശ്ചയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേന്ദ്ര ഗവ: വിഹിതം | 77,79,074 |
| സംസ്ഥാന ഗവ: വിഹിതം | 51,86,049 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 25,93,025 |
| ഗുണഭോക്തൃ വിഹിതം | 17,28,682 |
| ആകെ | 1,72,86,830 |

മേൽ പദ്ധതിക്കായി 22-10-2021-ൽ ഗ്രാമപഞ്ചായത്ത് ത്രികക്ഷി കരാറിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. നാളിതുവരെയുള്ള പദ്ധതി പുരോഗതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/16-03-2022),

വാട്ടർ അതോറിറ്റിക്ക് രണ്ട് തവണ കത്ത് നൽകിയിട്ടും മറുപടി ലഭ്യമാക്കിയില്ല എന്നാണ് അറിയിച്ചത്. ജലജീവൻ മിഷൻ പദ്ധതി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് - പദ്ധതി വൈകുന്നതുമൂലം ചെലവ് വർദ്ധിക്കുന്നു

സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനായി 2019-20, 2020-21 വർഷങ്ങളിൽ ചുവടെ ചേർക്കും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| പ്രോജക്ട് നം. | ചെലവ് തുക | ബിൽ നം./തീയതി | ഫണ്ട് |
|---|---|---|---|
| എസ്.0039/20 | 6,25,000 | ട്രഷറി ചെക്ക് നം. 5259013/<br>07-02-2020<br>ബാങ്ക് ചെക്ക് നം. 4960/<br>31-03-2020 | തനത് ഫണ്ട് |
| എസ്.0094/21 | 4,00,000 | 20050752008800143614/<br>11-04-2020 | സി.എഫ്.സി |
| ആകെ | 10,25,000 | | |

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി 10.25 ലക്ഷം രൂപ കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ചുവെങ്കിലും നാളിതുവരെ പദ്ധതി പ്രയോജനപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ 12,97,381 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി പുരോഗതി ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/16-03-2022), പ്രവൃത്തികൾ നടത്തുന്നതിന് ആവശ്യമായ ഇലക്ട്രിക് മീറ്ററുകൾ വകുപ്പിൽ നിന്നും ലഭ്യമാകാത്തതുകൊണ്ടാണ് പദ്ധതി പ്രവർത്തനം വൈകുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

മീറ്ററിംഗ് നടപ്പാക്കിയ സമീപ പഞ്ചായത്തുകളിൽ വൈദ്യുതി ചാർജ്ജ് പഴയ താരിഫ് സമ്പ്രദായത്തിനെ അപേക്ഷിച്ച് പകുതിയായി കുറഞ്ഞിട്ടുണ്ട്. മീറ്ററിംഗ് യഥാസമയം നടപ്പാക്കിയിരുന്നെങ്കിൽ നിലവിലുള്ള വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് കവിയൂർ ഗ്രാമപഞ്ചായത്തിനും ഉണ്ടാകുമായിരുന്നു. കാലവിളംബം ഉണ്ടാകാതെ പദ്ധതി നടപ്പാക്കുവാൻ കെ.എസ്.ഇ.ബി. യുമായി ബന്ധപ്പെട്ട് സത്വര നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-19 അഗതി രഹിത കേരളം പദ്ധതി -അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരുൾപ്പെടെ മുഴുവൻ കുടുംബങ്ങളെയും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. 18.09.2018-ലാണ് ഗ്രാമപഞ്ചായത്തിന്റെ കർമ്മ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത്. പദ്ധതിയിൻ കീഴിൽ 223 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. 3,68,98,200 രൂപ അടങ്കലുള്ള പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ചലഞ്ച് ഫണ്ട് | 40,00,000 |
| പദ്ധതി വിഹിതം | 5745000 |
| തനത് ഫണ്ട് | 5,82,000 |
| മറ്റ് ഫണ്ടുകൾ | 2,65,71,200 |
| ആകെ | 3,68,98,200 |

ഓഡിറ്റ് വർഷം ചലഞ്ച് ഫണ്ട് ഇനത്തിൽ 13,33,333 രൂപ ലഭിച്ചിട്ടുണ്ട്. 2020-21 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 6,43,221 | ഭക്ഷണ വിതരണം | 7,11,500 |
| ചലഞ്ച് ഫണ്ട് | 13,33,333 | നീക്കിയിരുപ്പ് | 12,84,302 |
| ബാങ്ക് പലിശ | 19,248 | | |
| ആകെ | 19,95,802 | ആകെ | 19,95,802 |

ഭക്ഷണ കിറ്റ് വിതരണം മാത്രമാണ് ആശ്രയ അക്കൗണ്ടിൽ നിന്നും 2020-21 സാമ്പത്തിക വർഷം നടന്നിട്ടുള്ളത്.

കൂടാതെ അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 4,50,000 രൂപ ചെലവഴിച്ച് 6 പേർക്ക് വീട്പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുമുണ്ട്. അഗതിരഹിത കേരള പദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ 22.3.2022-ൽ 86,448 രൂപ നീക്കിയിരിപ്പുണ്ട്. മറ്റ് സ്രോതസ്സിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനും അഗതിരഹിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ മുന്നോട്ട് പോകുന്നതിനും വേണ്ട സത്വരവും ക്രിയാത്മകവുമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-20 പാലിനു സബ്സിഡി - സബ്സിഡി നിരക്കിൽ അധികമായി തുക നൽകി

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ക്ഷീരസംഘങ്ങളിൽ (പടിഞ്ഞാറ്റുശ്ശേരി KUCS, മുണ്ടിയപ്പള്ളി KUCS, കോട്ടൂർ KUCS) പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ച പാലിനു സബ്സിഡി (S0146/21 (SO), പാലിന് സബ്സിഡി നൽകൽ (S0039/21) എന്നീ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ, സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം സബ്സിഡി നൽകിയതായി കണ്ടു. ഒരു ലിറ്റർ പാലിന് ഗ്രാമപഞ്ചായത്ത് വിഹിതമായ മൂന്നുരൂപയും ക്ഷീരവികസന വകുപ്പിന്റെ വിഹിതമായ ഒരു രൂപയും ചേർത്ത് നാലുരൂപ തോതിൽ കണക്കാക്കി കർഷകന്റെ അക്കൗണ്ടിലേക്ക് തുക നൽകണമെന്നാണ് 14.02.2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.22/2018/തസ്വഭവ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ വകുപ്പ് വിഹിതം ലഭ്യമാക്കാതെ സബ്സിഡി തുക മുഴുവനും ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നും നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് & പദ്ധതി നമ്പർ | ബിൽ റഫറൻസ് നം., തുക & തീയയി | വൗച്ചർ പ്രകാരമുള്ള പാലളവ് | നൽകിയ തുക (Rs. 4 /Litre) | നൽകേണ്ടിയിരുന്നത് (Rs.3 /Litre) | അധികം നൽകിയത് |
|---|---|---|---|---|---|
| പാലിനു സബ്സിഡി-S0146/21 (SO) | 9801366715 ₹ 40672 Dt. 26.03.2021 | 8704 Litre | ₹ 34816 | ₹ 26112 | ₹ 8704 കോട്ടൂർ KUCS |
| | | 1464 Litre | ₹ 5856 | ₹ 4392 | ₹ 1464 പടിഞ്ഞാറ്റുശ്ശേരി KUCS |
| | 9800213748 ₹ 41868 Dt. 28.05.2020 | 10467 Litre | ₹ 41,868 | ₹ 31,401 | ₹ 10467 മുണ്ടിയപ്പള്ളി KUCS |
| | 9800213747 ₹ 16935 Dt. 28.05.2020 | 3187 Litre | ₹ 12,748 | ₹ 9561 | ₹ 3187 മുണ്ടിയപ്പള്ളി KUCS |
| | | 1047 Litre | ₹ 4187 | ₹ 3141 | ₹ 1046 പടിഞ്ഞാറ്റുശ്ശേരി KUCS |
| പാലിന് സബ്സിഡി നൽകൽ-S0039/21 | 9801084838 ₹ 70,000 Dt. 15.02.2021 | 17500 Litre | ₹ 70,000 | ₹ 52,500 | ₹ 17500 മുണ്ടിയപ്പള്ളി KUCS |
| | 9801176022 ₹86791 Dt. 02.03.2021 | 8335 Litre | ₹ 33,340 | ₹ 25,005 | ₹ 8335 കോട്ടൂർ KUCS |
| | | 10163 Litre | ₹ 40,652 | ₹ 30,489 | ₹ 10,163 മുണ്ടിയപ്പള്ളി KUCS |
| | | 2521 Litre | ₹ 10,084 | ₹ 7563 | ₹ 2521 പടിഞ്ഞാറ്റുശ്ശേരി |

| | | | | |
|---|---|---|---|---|
| | | | | KUCS |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം സബ്സിഡി നൽകിയതിനുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/25.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി പണം ചെലവഴിച്ചത് തെറ്റായ നടപടിയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 വയോജനങ്ങൾക്ക് കട്ടിൽ - കട്ടിൽ തെരഞ്ഞെടുപ്പ് ക്രമപ്രകാരമല്ല

2019-20-ൽ വിഭാവനം ചെയ്ത വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ട് 2020-21 സാമ്പത്തിക വർഷം 2 പ്രൊജക്ടുകളായാണ് നടപ്പിലാക്കിയത്[S0227/21-വയോജനങ്ങൾക്ക് കട്ടിൽ(ജനറൽ) - 45 കട്ടിൽ, S0228/21-വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) - 55 കട്ടിൽ ]. രണ്ട് പദ്ധതികളിലുമായി മഹാഗണി തടിയിൽ 198x90x60x50 അളവിലുള്ള 100 കട്ടിലാണ് വാങ്ങിയിരിക്കുന്നത്. ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| S0227/21-വയോജനങ്ങൾക്ക് കട്ടിൽ(ജനറൽ) | ബിൽ റഫറൻസ് നം. 20050752009700393193 തീയതി 04.08.2020 തുക ₹ 1,52,910 |
| S0228/21-വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) | ബിൽ റഫറൻസ് നം. 20050752009700393198 തീയതി 04.08.2020 തുക ₹ 1,83,492 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം കട്ടിൽ വാങ്ങുന്നതിലേക്ക് 17.09.2019-ൽ ടെണ്ടർ പരസ്യം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 5 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഡോക്കോർ ഇറ്റാലിയൻ ഫർണിച്ചർ എന്ന സ്ഥാപനത്തിന്റെയും (₹ 2740) ശബരി സ്റ്റീൽ ഫർണിച്ചർ(₹ 2887)എന്ന സ്ഥാപനത്തിന്റെയും സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷം സാധനങ്ങൾ വാങ്ങുന്നതിന് ജനറൽ കമ്മിറ്റിയോട്, 23.09.2019-ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശ ചെയ്ത് തീരുമാനിച്ചു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഹാജരാക്കിയ കട്ടിലിന്റെ സാമ്പിളിൽ ഡോക്കോർ ഇറ്റാലിയൻ ഫർണിച്ചർ എന്ന സ്ഥാപനം ഹാജരാക്കിയ 3398/- രൂപയുടെ കട്ടിൽ മികച്ച ഗുണനിലവാരം പുലർത്തുന്നതായി കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാൽ ടി കട്ടിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു (10.02.2020-ലെ 1/8 ജനറൽ കമ്മിറ്റി തീരുമാനം).

രണ്ട് പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളുടെ കട്ടിലിന്റെ സാമ്പിൾ റേഞ്ച് ഓഫീസറോ, തടിയെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കണ്ടില്ല. ക്വട്ടേഷനിലെ കുറഞ്ഞ നിരക്കായ ₹ 2740 എന്നതിനു പകരം ആ സ്ഥാപനത്തിന്റെ തന്നെ 3398 രൂപയുടെ ഇതേ സ്പെസിഫിക്കേഷനുള്ള കട്ടിലാണ് വാങ്ങിയിരിക്കുന്നത് (കട്ടിലൊന്നിന് തുകയിലുള്ള വ്യത്യാസം 658 രൂപ). ക്വോട്ട് ചെയ്ത കുറഞ്ഞ നിരക്ക് തള്ളിക്കളഞ്ഞ അതേ സ്ഥാപനത്തിന്റെ കൂടിയ നിരക്കിലുള്ള കട്ടിൽ വാങ്ങിയ ഇനത്തിലുണ്ടായ ആകെ നഷ്ടം 100x658=65,800 രൂപയാണ്. ഒരു ക്ഷമതയുള്ള അധികാരിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലല്ലാതെ ഇപ്രകാരം വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 13/ 24.03.2020) ലഭ്യമാക്കിയ മറുപടിയിൽ ജനറൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരമുള്ള കട്ടിലുകളുടെ വാങ്ങലുകളാണ് നടത്തിയിരിക്കുന്നതെന്നാണ് വ്യക്തമാക്കിയത്.

തടിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ഉപയോഗപ്പെടുത്താതെ കമ്മിറ്റി അംഗങ്ങൾ ഏകപക്ഷീയമായി ഗുണനിലവാര നിർണ്ണയം നടത്തി ഉയർന്ന നിരക്കിലുള്ള കട്ടിലുകൾ വാങ്ങിയത് ശരിയായ നടപടിയല്ല. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ കൃത്യമായി പാലിക്കുന്നതിനും ടെണ്ടർ നടപടികളിൽ സുതാര്യതയും സാമ്പത്തിക അച്ചടക്കവും പാലിക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ടുകൾ ഏറ്റെടുത്ത് നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-22 കാലാവധി ലംഘിച്ച കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി ലംഘിച്ച കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. കാലാവധി ലംഘിക്കുന്ന കരാറുകാരിൽ നിന്ന് പിഴ ഈടാക്കണമെന്ന് *കേരള പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2112.1* നിർദേശിക്കുന്നുണ്ട്.

ഈ നിർദേശം പാലിക്കാത്ത മരാമത്ത് പ്രോജക്ടുകളുടെ പിഴയും വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ വിവരം | കരാറുകാരൻ | പണിസ്ഥലം ഏറ്റെടുത്ത തീയതി | എഗ്രിമെന്റ് പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | ചുമത്തേണ്ട പിഴ |
|---|---|---|---|---|---|---|
| 1. | പ്രോജക്ട് 159/21<br>ഈട്ടിക്കൽ പടി -കച്ചറ റോഡ്<br>റീടാറിംഗ് & കോൺക്രീറ്റിംഗ്<br>പി.എ.സി 551595 രൂപ<br>കാലാവധി – 3<br>മാസം<br>പ്രവർത്തി മൂല്യം – 613367<br>ചെലവ് – 613367<br>ബിൽ റഫറൻസ്<br>നം.200507520093114159 2<br>എം. ബുക്ക് – 18/KVR/19 | പി.എം കബീർ | 16.12.2019 | 16.03.2020 | 12.05.2020 | 16548 |
| 2. | പ്രോജക്ട് 86/21- ചിറത്തലയ്ക്കൽ<br>പടി കറ്റോട് പാലം റോഡ് റീ<br>ടാറിംഗ് റീ കോൺക്രീറ്റിംഗ്<br>കോൺക്രീറ്റിംഗ്<br><br>പി.എ.സി. 267732<br>കാലാവധി – 3<br>മാസം<br>പ്രവർത്തി മൂല്യം 234943<br>+ ജി.എസ്.ടി.<br>ചെലവ് തുക – 261920<br>ബിൽനം.20050752009301257834/<br>16.03.2021<br>എം.ബുക്ക് 27/20-21 | ശ്രീ. എ. പ്രസാദ് | 15.10.2020 | 15.01.2021 | 26.02.2021 | 2677 |
| 3. | പ്രോജക്ട് 62/21- നാഴിപ്പാറ<br>ആനപ്പാറ തേനശ്ശേരിപ്പാടി<br>കരിമ്പിൻപടി റോഡ് റീ ടാറിംഗ്<br>പി.എ.സി. - 525523<br>കാലാവധി – 3<br>മാസം<br>പ്രവർത്തി മൂല്യം – 525523<br>ചെലവ് തുക – 581445<br>ബിൽനം.20050752009301418249/<br>29.03.2021<br>എം.ബുക്ക് – 28/20-21 | ശ്രീ. ജോൺ സി. തോമസ് | 13.10.2020 | 13.01.2021 | 16.03.2021 | 15760 |
| | ആകെ | | | | | 34985 |

ഈ വിഷയത്തിൽ (12/23.03.2022, 17/25.03.2022) രണ്ട് ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയിരുന്നു. കരാറുകാരിൽ നിന്ന് പിഴ ഈടാക്കാമെന്ന് അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകിയിട്ടുണ്ട്. പിഴയീടാക്കുന്നതുവരെ 34985 രൂപ അസിസ്റ്റന്റ് എൻജിനീയറുടെ ബാധ്യതയായി നിലനിൽക്കുന്നതായിരിക്കും.

## 1-23 കരാർ വെക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയില്ല

കരാർവെക്കാൻ താമസിച്ച കരാറുകാരിൽ നിന്ന് *കേരള പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2009.6* നിർദേശിക്കുന്ന പിഴ ഈടാക്കിയില്ല.

2020-21 ലെ താഴെ പറയുന്ന പ്രോജക്ടുകളുടെ കരാറുകാർ സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കിയ തീയതികളിൽ കരാർ ചമച്ചിട്ടില്ല. സമയത്ത് കരാർ വെക്കുന്നതിൽ വീഴ്ചവരുത്തിയ കരാറുകാരിൽ നിന്ന് സെക്ഷൻ *2009.6* ലെ നിർദേശപ്രകാരം പിഎസിയുടെ 1% പിഴ ചുമത്തി ഈടാക്കിയില്ല. വിവരങ്ങൾ താഴെ പട്ടികയിൽ.

| പ്രോജക്ട് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് അനുസരിച്ച് കരാർ ചമയ്ക്കേണ്ട തീയതി | കരാർ ചമച്ച തീയതി | പി.എ.സി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| പ്രോജക്ട് 185//21-കെഎസ്ഇബി-ഇട്ടുവിരാത്തൽ റോഡ് മെയിന്റനൻസ് | പി.എം കബീർ | 6.02.2020 | 11.02.2020 | 337946 | 3379 |
| പ്രോജക്ട് 169/21-തോട്ടഭാഗം അരത്തമാംമൂട്ടിൽ റോഡ് മെയിന്റനൻസ് | പി.എം കബീർ | 6.02.2020 | 11.02.2020 | 267671 | 2677 |
| പ്രോജക്ട്.192/21-മിൽമാപ്പടി കൊടിനാട്ടുകുന്ന് റോഡ് കോൺക്രീറ്റിംഗ്. | ജിനോ പി കുര്യൻ | 10.01.2020 | 11.02.2020 | 86371 | 864 |
| പ്രോജക്ട് 159/21-ഈട്ടിക്കൽപടി കച്ചറ റോഡ് റീ ടാറിംഗ് &കോൺക്രീറ്റിംഗ് | പി.എം കബീർ | 13.12.2019 | 16.12.2019 | 551595 | 5516 |
| പ്രോജക്ട് 130/21-കുഴിയന്നൂർപടി-കോച്ചേരിപടി റോഡ് റീ ടാറിംഗ്. | പ്രസാദ് എ | 19.10.2021 | 16.01.2021 | 106968 | 1070 |
| പ്രോജക്ട് 183//21-നമ്പ്യാരത്ത് പടി തിരുവാമനപുരം വടക്കേൽ പോളച്ചിറ റോഡ് കോൺക്രീറ്റിംഗ് ,റീ ടാറിംഗ്. | പി.എം കബീർ | 6.02.2020 | 11.02.2020 | 333908 | 3339 |
| പ്രോജക്ട് 171/21-തോട്ടഭാഗം അരത്തമാംമൂട്ടിൽ റോഡ് മെയിന്റനൻസ് | പി.എം കബീർ | 6.02.2020 | 11.02.2020 | 277656 | 2677 |
| ആകെ | | | | | 19522 |

പൊതുമരാമത്ത് മാനവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി വച്ചില്ലെങ്കിൽ PACയുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കാവുന്നതാണ്. പിഴ ഈടാക്കുന്നതിന് വിശദീകരണം തേടി 11/23.03.2022, 16/25.03.2022 എന്നീ നമ്പരുകളിൽ രണ്ട് ഓഡിറ്റ് അന്വേഷണം അസിസ്റ്റന്റ് എഞ്ചിനിയർക്ക് നല്കിയിരുന്നു. കരാറുകാരിൽ നിന്ന് പിഴ ഈടാക്കാമെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നല്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. പിഴ ഈടാക്കിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തസമയം ഈടാക്കേണ്ട ആകെ പിഴയായ 19522 നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായിരിക്കും.

## 1-24 എംജിഎൻആർഇജിഎസ്: കോൺക്രീറ്റ് വേലകളിൽ അപാകങ്ങൾ

മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ 2020-21 ൽ നടപ്പാക്കിയ താഴെ പറയുന്ന 6 കോൺക്രീറ്റ് വേലകളുടെ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. വലിയ മനയ്ക്കൽ പടി - മണ്ണാകുന്നിൽ പടി റോഡ് കോൺക്രീറ്റിംഗ്.
2. ചേലയ്ക്കൽ പടി -വാഴേനാൽപ്പടി പാറയിൽ പടി റോഡ് കോൺക്രീറ്റിംഗ്.
3. വല്യമണ്ണിൽ പടി തെങ്ങുംതാനത്ത് ഇടമുറി റോഡ് കോൺക്രീറ്റിംഗ്.
4. കൊച്ചയ്യത്ത് വല്യമണ്ണ് മുണ്ടകം കാലായിൽ മേപ്രത്ത് റോഡ് കോൺക്രീറ്റിംഗ്.
5. കവിയൂർ അമ്പലം വടക്കേനട റോഡ് കോൺക്രീറ്റിംഗ്.
6. കെ.എൻ.എം സ്കൂൾ മംഗലത്ത് പടി റോഡ് കോൺക്രീറ്റിംഗ്.

1. കോൺക്രീറ്റ് വേലകൾക്ക് ആവശ്യമായ സാധനങ്ങൾ ഗ്രാമപഞ്ചായത്തിലെ വിവിധ കരാറുകാരിൽ നിന്ന് വാങ്ങിയതായി കാണുന്നു. എന്നാൽ ഇവരെ തിരഞ്ഞെടുത്ത ടെണ്ടർ/കൊട്ടേഷൻ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.
2. കരാറുകാർ സപ്ലൈ ചെയ്ത സാധനങ്ങൾ മെഷർ ചെയ്ത് എം ബുക്കിൽ രേഖപ്പെടുത്തി എ.ഇ/ഓവർസിയർ സാക്ഷ്യപ്പെടുത്തിയട്ടില്ല. ഉപയോഗിച്ച സാധനങ്ങളുടെ മെറ്റീരിയൽ അക്കൗണ്ടും സ്റ്റോക്ക് രേഖകളും തയ്യാറാക്കിയിട്ടില്ല. സാധനഘടകത്തിന് വകയിരുത്തിയ തുക കരാറുകാരുടെ ബാങ്ക് അക്കൗണ്ടിൽ നല്കിയിട്ടുണ്ടെങ്കിലും സാധനങ്ങൾ സൈറ്റിൽ ലഭ്യമാക്കി, അവ പണിക്ക് ഉപയോഗിച്ചു എന്നത് തെളിയിക്കപ്പെടുന്നില്ല.
3. കോൺക്രീറ്റ് വേലകൾ ഭൗതിക പരിശോധന നടത്തിയിട്ടില്ലെങ്കിലും എസ്റ്റിമേറ്റും എം.ബുക്കും ഒത്തുനോക്കി പരിശോധിക്കുമ്പോൾ എസ്റ്റിമേറ്റിന്റെ പകുതി അളവിൽ പോലും പല വേലകളും നടത്തിയിട്ടില്ലായെന്ന് എം. ബുക്ക് പരിശോധിച്ചതിൽ കണ്ടു. അളവ് കുറയുമ്പോഴും ആനുപാതികമായ കുറവ് വേതന സാധന ഘടകങ്ങളിൽ വരുന്നില്ല.

അപാകങ്ങൾക്ക് മറുപടി തേടി ഓഡിറ്റ് അന്വേഷണം(22/26.03.22) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച അപാകങ്ങൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നതിന്മേൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവഹണം ഗ്രാമപഞ്ചായത്ത് കമ്മിറ്റി, ക്ഷേമ, ധന കാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾ, തൊഴിലുറപ്പ് പഞ്ചായത്ത് തല സാങ്കേതിക സമിതി, ബ്ലോക്ക് പ്രോഗ്രാം ഓഫീസ് എന്നിവ കർശനമായി മോണിട്ടർ ചെയ്യേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്യുമ്പോഴും സെക്രട്ടറി ചെലവ് നടത്തുമ്പോഴും സാധനങ്ങളുടെ അക്കൗണ്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | ലഭിച്ച തുക | പ്രോജക്കിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0006/21) | 1,49,986 | -- |
| ,, | 14,69,600 | ലൈഫ് ഭവന പദ്ധതി(എസ്.0014/21) | ഇല്ല | 14,69,600 |
| ,, | 50,000 | കിഴങ്ങ് വർഗ്ഗ വികസനം(എസ്.0028/21) | 50,000 | -- |
| ,, | 97,500 | നെൽകൃഷി വികസനം(എസ്.0030/21) | 97,500 | -- |
| ,, | 1,18,266 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0039/21) | 1,18,266 | -- |
| ,, | 1,57,500 | നെൽകൃഷി വികസനം(എസ്.0095/21) | 1,57,500 | -- |
| ,, | 58,803 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0146/21) | 58,803 | -- |
| ,, | 92,950 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0226/21) | 92,950 | -- |
| ,, | 49,830 | ഫലവൃക്ഷ തൈകൾ നട്ട് പരിപാലിക്കൽ (എസ്.0234/21) | 49,830 | -- |
| ജില്ലാ പഞ്ചായത്ത് | 2,00,000 | നെൽകൃഷി വികസനം (എസ്.0030/21) | 2,00,000 | -- |
| ,, | 1,20,000 | ജൈവ പച്ചക്കറി വികസന പദ്ധതി (എസ്.0031/21) | 1,20,000 | -- |
| ,, | 86,791 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0039/21) | 86,791 | -- |
| ,, | 2,00,000 | പാലിയേറ്റീവ് കെയർ (എസ്.0093/21) | 2,00,000 | -- |
| ,, | 2,00,000 | നെൽകൃഷി വികസനം(എസ്.0095/21) | 2,00,000 | -- |
| ,, | 40,672 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0146/21) | 40,672 | -- |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ (S0094/21) | കെ.എസ്.ഇ.ബി. | 4,00,000 | പ്രവൃത്തി ആരംഭിച്ചില്ല |
| 2 | ജലജീവൻ മിഷൻ (S0241/21) | വാട്ടർ അതോറിറ്റി | 10,00,000 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 83,61,396 | 7,02,353 | -- | 76,59,043 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 17 | 2002-03 | VIII 3.6(i) | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 | 38 | 2002-03 | VII 3.6(ii) | പെരുമ്പട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 42, 51 | 2002-03 | VII 3.6(iii) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പണി നടത്താത്തത് സംബന്ധിച്ച് | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 49 | 2002-03 | Vil 3.6(iv) | മണ്ണേറ്റ് പടി പാറപ്പുഴ കടവ് റോഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| | | 2015-16 | 2.1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -യുണൈറ്റഡ് | ടി സ്ഥാപനത്തിന്റെ തൊഴിൽ നികുതി 2018 മാർച്ച് മാസം |

| | | | | | |
|---|---|---|---|---|---|
| | | | | ട്രോപ്പിക്കൽ വിന്നേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 21-ാം തീയതിയിലെ 117020500060-ാം നമ്പർ രസീതായി ഒടുക്ക് വരുത്തിയിട്ടുണ്ട്. |
| | | 2015-16 | 2.1 | ഡി& ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിലുടമകളുടെയും വാർഷിക വരുമാന സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതായി കാണുന്നില്ല. | പരാമർശത്തിൻമേൽ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 7,21,61,559 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,17,05,913 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 5450 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-22 | | 34985 | ശ്രീ. ശിഹാബുദ്ദീൻ കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-23 | | 19,522 | ശ്രീ. ശിഹാബുദ്ദീൻ കെ. അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 54507 | |

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ശിഹാബുദ്ദീൻ കെ.<br>അസിസ്റ്റന്റ് എഞ്ചിനിയർ | സർവ്വീസിൽ നിന്ന് വിരമിച്ച | ശ്രീ. ശിഹാബുദ്ദീൻ കെ.<br>SSA കോട്ടേജ്<br>കിഴുനില<br>മതിരം പി.ഒ.<br>കടക്കൽ (വയ) കൊല്ലം 691536 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ്.പിറ്റിഎ/പി2/20/2000<br>തീയതി: 19.9.2000 | 2 |
| | എൽഎഫ്.പിറ്റിഎ/പി2/314/1999<br>തീയതി: 12.4.2000 | 3 |
| | എൽഎഫ്.പിറ്റിഎ/പി3/396/98<br>തീയതി: 3.8.2009 | 1 |
| 1998-99 | എൽഎഫ്.പിറ്റിഎ/പി4/874/04<br>തീയതി: 11.5.2005 | 6 |
| | എൽഎഫ്.പിറ്റിഎ/പി4/567/99<br>തീയതി: 07.01.2001 | 1 |
| 1999-00 (ഡി.സി.ബി) | എൽഎഫ്.പിറ്റിഎ/പി4/878/04<br>തീയതി: 05.07.2005 | 2 |
| 1999-00 (പ്ലാൻ) | എൽഎഫ്.പിറ്റിഎ/പി2/97/01<br>തീയതി: 04.02.2002 | 12 |
| 2000-01 | എൽഎഫ്.പിറ്റിഎ/പി.4/680/03<br>തീയതി: 01.04.2004 | 5 |
| 2001-02 (DCB & FINAL) | എൽഎഫ്.പിറ്റിഎ/പി4/342/05<br>തീയതി: 9.12.2005 | 2 |
| 2002-03 | എൽഎഫ്.പിറ്റിഎ/പി5/189/06<br>തീയതി: 6.10.2006 | 13 |
| 2003-04 | എൽഎഫ്.പിറ്റിഎ/പി.8/536/06<br>തീയതി: 12.02.2008 | 3 |
| 2004-05 | എൽഎഫ്.പിറ്റിഎ/പി5/1133/07<br>തീയതി: 03.04.2008 | 10 |
| 2005-06 | എൽഎഫ്.പിറ്റിഎ/പി7/769/11<br>തീയതി: 8.12.2001 | 6 |

| | | |
|---|---|---|
| 2006-07 | എൽഎഫ്.പിറ്റിഎ/പി7/770/11 തീയതി: 8.12.2011 | 10 |
| 2007-08 മുതൽ 09-10 വരെ | എൽഎഫ്.പിറ്റഎ/പി6/420/11 തീയതി: 10.09.2013 | 2 |
| 2010-11& 11-12 | എൽഎഫ്.പിറ്റിഎ/പി/7/992/13 തീയതി: 05.2.2014 | 9 |
| 2012-13 | എൽഎഫ്.പിറ്റിഎ/പി/7/954/14 തീയതി: 23.12.2014 | 8 |
| 2013-14 | എൽഎഫ്.പിറ്റിഎ/പി/7/348/15 തീയതി: 28.7.2015 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെഎസ്എ.പിറ്റിഎ/പി7-680/16 തീയതി: 21.6.2016 | 5 |
| 2015-16 | കെഎസ്എ.പിറ്റിഎ/പി7-680/17 തീയതി: 21.6.2016 | 11 |
| 2016-17 | കെഎസ്എ.പിറ്റിഎ/പി7-1113/17 തീയതി: 7.10.2017 | 16 |
| 2017-18 | കെഎസ്എ.പിറ്റിഎ/പി.7-201/18 തീയതി: 12.1.2019 | 10 |
| 2018-19 | കെഎസ്എ.പിറ്റിഎ/പി7/156/20 തീയതി: 16.3.2020 | 9 |
| 2019-20 | കെഎസ്എ.പിറ്റിഎ/പി7/258/21 തീയതി: 09-04-2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്